**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്ത് മുൻ സീനിയർ ക്ലാർക്ക്(റിട്ട.) ശ്രീ.കെ.കൃഷ്ണൻകുട്ടിയുടെ സസ്പെൻഷൻ കാലയളവ് ക്രമവൽക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (സാധാ) നം. 1678/ 2018/ തസ്വഭവ തീയതി, തിരുവനന്തപുരം, 20/ 06/ 2018**

---

പരാമർശം : 1. സ.ഉ (സാധാ) നം. 1033/ 2013/ തസ്വഭവ തീയതി, 18.04.2013.

2. ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 01.06.2018 ലെ റ്റി.എ 18/ 2017 നം. ഉത്തരവ്.

3. പഞ്ചായത്ത് ഡയറക്ടറുടെ 06.06.2018 ലെ ഡി4- 13232/ 2013 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ മുൻ സീനിയർ ക്ലാർക്ക് ശ്രീ.കെ.കൃഷ്ണൻകുട്ടി, പാർട്ട് ടൈം സ്വീപ്പറായി സേവനമനുഷ്ഠിക്കവെ അനർഹമായി പ്രമോഷൻ നേടിയതുമായി ബന്ധപ്പെട്ട് പരാമർശം (1) ലെ ഉത്തരവ് പ്രകാരം ടിയാനെ സേവനത്തിൽ നിന്ന് സസ്പെന്റ് ചെയ്തിരുന്നു. ആയത് 19.04.2013 ൽ നടപ്പിൽ വരുത്തിയിരുന്നു. ബഹു. കേരളാ ഹൈക്കോടതിയുടെ 30.04.2013 ലെ WP(C)No. 11242/ 2013 നമ്പർ വിധിന്യായ പ്രകാരം ടിയാനെ 30.04.2013 ൽ പള്ളിക്കൽ ഗ്രാമ പഞ്ചായത്തിൽ പുനഃപ്രവേശിപ്പിക്കുകയും അന്നേ ദിവസം ടിയാൻ സേവനത്തിൽ നിന്ന് വിരമിക്കുകയും ചെയ്തു. ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2) ലെ ഉത്തരവ് പ്രകാരം രണ്ട് ആഴ്ചയ്ക്കുളളിൽ എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് ശ്രീ.കെ.കൃഷ്ണൻകുട്ടിയ്ക്ക് ഡി.സി.ആർ.ജി ഇനത്തിൽ ലഭിക്കേണ്ടുന്ന മുഴുവൻ തുകയും നൽകുന്നതിന് നിർദേശിച്ചു. ശ്രീ.കൃഷ്ണൻകുട്ടിയുടെ സസ്പെൻഷൻ കാലയളവായ 19.04.2013 മുതൽ 29.04.2013 വരെ ക്രമവൽക്കരിച്ച് ഉത്തരവ് ആയാൽ മാത്രമേ ടിയാന് പെൻഷൻ ആനുകൂല്യങ്ങൾ നൽകുവാൻ സാധിക്കുകയുള്ളൂവെന്നും ആയതിനാൽ ശ്രീ.കൃഷ്ണൻ കുട്ടിയുടെ സസ്പെൻഷൻ കാലയളവ് ക്രവമൽക്കരിച്ച് ഉത്തരവ് ഉണ്ടാകണമെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം അപേക്ഷിച്ചു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം (2) ലെ ഉത്തരവ് നടപ്പാക്കുന്നതിലേയ്ക്ക് സസ്പെൻഷൻ കാലയളവ് ക്രമീകരിക്കേണ്ടതിനാൽ ടി കേസ്സിൽ റിട്ടയേർഡ് സീനിയർ ക്ലാർക്ക് ശ്രീ.കെ.കൃഷ്ണൻകുട്ടിയെ പൂർണ്ണമായും കുറ്റവിമുക്തനാക്കിയിട്ടില്ലെങ്കിലും നിലവിൽ ശ്രീ.കെ.കൃഷ്ണൻകുട്ടിയ്ക്കെതിരെ

അച്ചടക്കനടപടിയില്ലാത്തതിനാൽ, ടിയാളുടെ സസ്പെൻഷൻ കാലയളവായ 19.04.2013 മുതൽ 29.4.2013 വരെയുള്ള കാലയളവിലെ ശമ്പളവും അലവൻസുകളും ഉപജീവന ബത്തയിൽ പരിമിതപ്പെടുത്തി എല്ലാ കാര്യങ്ങൾക്കും ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

**അഡീഷണൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം ജില്ല.

ശ്രീ.കെ.കൃഷ്ണൻകുട്ടി, റിട്ടയേർഡ് യു.ഡി. ക്ലാർക്ക്, പള്ളിക്കൽ ഗ്രാമ പഞ്ചായത്ത്, മലപ്പുറം ജില്ല. (സെക്രട്ടറി, പള്ളിക്കൽ ഗ്രാമ പഞ്ചായത്ത് മുഖേന)

സെക്രട്ടറി, പള്ളിക്കൽ ഗ്രാമ പഞ്ചായത്ത്, മലപ്പുറം ജില്ല

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.

ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെ ബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/147/2015-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ